# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

22-06-2012 ൽ മറുപടിയ്ക്ക്

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 3030**

## നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം നെൽകൃഷി വർദ്ധിപ്പിക്കുന്നതിനും തരിശുഭൂമികൾ കൃഷിയോഗ്യമാക്കി നെൽകൃഷി നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നെൽകൃഷി വർദ്ധിപ്പിക്കുന്നതിനും തരിശുഭൂമികൾ കൃഷിയോഗ്യമാക്കുന്നതിനുമായി സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം കരനെൽകൃഷി 6539 ഹെക്ടറിലും വടക്കാഞ്ചേരി മോഡൽ പദ്ധതി 3000 ഹെക്ടറിലും സുഗന്ധവിള നെൽകൃഷി വികസന പദ്ധതി 858 ഹെക്ടറിലും നടപ്പിലാക്കി. സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ് 172025 ഹെക്ടറിലും മാക്രോ മാനേജ്മെന്റ് നെൽകൃഷി വികസന പദ്ധതി പ്രകാരം ശാസ്ത്രീയ നെൽകൃഷി പ്രോത്സാഹനം, ഒറ്റഞാർകൃഷി, ഉല്പാദന ഉപാധികളായ വിത്ത്, സൂക്ഷ്മവളം, സസ്യസംരക്ഷണ മരുന്നുകൾ എന്നിവയുടെ വിതരണം, ഫാം ഫീൽഡ് സ്കൂളുകൾ എന്നിവ നടപ്പിലാക്കി. |

ദേശീയ ഭക്ഷ്യസുരക്ഷ പദ്ധതി, നെൽകൃഷിക്കാർക്കുള്ള ഉല്പാദന ബോണസ്, രാഷ്ട്രീയ കൃഷിവികാസ് യോജന പദ്ധതി, നെല്ല് സംഭരണം എന്നിവയും നടപ്പിലാക്കി.

തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനായി 2011-12 വർഷം സംസ്ഥാന ഭക്ഷ്യസുരക്ഷ പദ്ധതി പ്രകാരം വനിതാഗ്രൂപ്പുകൾ വഴിയുള്ള തരിശുനിലകൃഷി 731.7 ഹെക്ടറിലും സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരമുള്ള തരിശുനില കൃഷി 2515.9 ഹെക്ടറിലും കുട്ടനാട് പാക്കേജ് പ്രകാരമുള്ള തരിശുനില നെൽകൃഷി 125 ഹെക്ടറിലും കോൺട്രാക്ട് ഫാമിംഗ് പദ്ധതി പ്രകാരമുള്ള തരിശുനില നെൽകൃഷി 33.96 ഹെക്ടറിലും നടപ്പിലാക്കി.

2012-13 വർഷം ഗ്രൂപ്പ്ഫാമിംഗ് പദ്ധതി, കരനെൽകൃഷി, നെൽ കൃഷി വികസന ഏജൻസികൾക്കുള്ള സഹായം, നൂതന സാങ്കേതിക വിദ്യകളുടെ ഡമോൺസ്ട്രേഷനുകൾ, പി.പി.പി.എസ്.ആർ.ഐ പദ്ധതി, പ്രത്യേക നെല്ലിനങ്ങളുടെ പ്രോത്സാഹനത്തിനുള്ള പദ്ധതി, മാക്രോ മാനേജ്മെന്റ് നെൽകൃഷി വികസനം, ഉല്പാദന ബോണസ്, നെല്ല് സംഭരണം, ഉയർന്ന ഉല്പാദനക്ഷമത കൈവരിക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) നെൽകൃഷിയിൽ ഇക്കാലയളവിൽ എത്ര ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും നെൽകൃഷിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നുണ്ടെങ്കിലും വിസ്തീർണ്ണം കുറയുന്നതിന്റെ തോത് വളരെയധികം കുറഞ്ഞിട്ടുണ്ട്. 20% വരെ കുറവ് അനുഭവപ്പെട്ടിരുന്ന സ്ഥാനത്ത് ഇപ്പോൾ 9% കുറവാണ് കാണുന്നത്.

| | | | |
|---|---|---|---|
| (സി) | കരനെൽകൃഷി പ്രോത്സാഹി പ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | കരനെൽകൃഷി പദ്ധതി 2011-12 വർഷം 6539 ഹെക്ടറിൽ നടപ്പി ലാക്കിയിട്ടുണ്ട്. 2012-13 വർഷം പ്രസ്തുത പദ്ധതിക്കായി 250 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി യിട്ടുണ്ട്. ഈ വർഷം 3334 ഹെക്ടറിൽ ഈ പദ്ധതി നടപ്പി ലാക്കുന്നതിനുള്ള പ്രാരംഭ നടപടി കൾ സ്വീകരിച്ചുവരുന്നു. ഹെക്ടറിന് 5000 രൂപ ആനുകൂല്യം നൽകി യിരുന്നത് 7500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ